പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1799 — 10.03.2020 ൽ മറുപടിക്ക്

## സെമി ഹൈസ്പീഡ് റെയിൽപാത നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലൂടെയാണ് സെമി ഹൈസ്പീഡ് റെയിൽപാത കടന്നു പോകുന്നതെന്ന് വ്യക്തമാക്കുമോ; ഓരോ മണ്ഡലത്തിലും എത്ര സ്ഥലം പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരും എന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | പ്രാഥമിക റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം, നെടുമങ്ങാട്, ചിറയിൻകീഴ്, ആറ്റിങ്ങൽ, വർക്കല എന്നീ നിയോജക മണ്ഡലങ്ങളിലൂടെയാണ് പാത കടന്നു പോകുന്നത്. ആകാശ സർവ്വേ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർവ്വേ ഓഫ് ഇന്ത്യ കേന്ദ്ര പ്രതിരോധ മന്ത്രാലയം എന്നിവരുടെ പരിഗണനയിലാണ്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശം ലഭ്യമാകുകയുള്ളൂ. |
| (ബി) | ഓരോ മണ്ഡലത്തിലും ഏറ്റെടുക്കേണ്ടി വരുന്ന സ്ഥലത്തിന്റെ വിശദാംശം (സർവ്വേ നമ്പർ ഉൾപ്പെടെ) ലഭ്യമാക്കുമോ; | | |
| (സി) | നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് സ്ഥലം ഏറ്റെടുക്കൽ ആരംഭിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 2020 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി നടപ്പ് സാമ്പത്തിക വർഷം തന്നെ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ